ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വിവിധ മണ്ഡലങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സെന്ററിനുവേണ്ടിയുള്ള ആവശ്യങ്ങൾ ശക്തമായി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് വളരെയധികം അവഗണിക്കപ്പെട്ടുകിടന്ന ഒരു വകുപ്പായിരുന്നു. നാലുവർഷം മുൻപ് 80 ഫയർ സ്റ്റേഷനുകൾ മാത്രമാണ് സംസ്ഥാനത്തുണ്ടായിരുന്നത്. അടുത്തമാസം മുന്ന് ഫയർ സ്റ്റേഷൻ കൂടി ആരംഭിക്കുന്നതോടുകൂടി 100 ഫയർസ്റ്റേഷനുള്ള സ്റ്റേറ്റായി കേരളം മാറാൻ പോകുകയാണ്. മുൻകാലങ്ങളിലൊക്കെ പ്രയോറിറ്റി ലിസ്റ്റുണ്ടാക്കി വച്ച് ഒന്നും നടക്കാത്ത സ്ഥിതിയായിരുന്നുവെങ്കിൽ അതിൽ മാറ്റം വരുത്തി ഓരോ വർഷവും നിശ്ചിത ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന സംവിധാനമാണ് ഗവൺമെന്റ് സ്വീകരിച്ചുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം പ്രഖ്യാപിച്ച ബഡ്ജറ്റിൽ കൊയിലാണ്ടി ഫയർ സ്റ്റേഷൻ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. എന്നാൽ അവിടെ അഗ്നിശമന രക്ഷാനിലയം സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം നൽകാമെന്നും അവിടെ താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്താനും സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചതായിട്ടാണ് കൊയിലാണ്ടി മുനിസിപ്പൽ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. അവിടെ നല്ല ഒരു കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് അവരുടെകൂടി സഹകരണത്തോടെ അവിടെയൊരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും അവിടെ ഒരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ഇല്ലാത്തതുകൊണ്ടുമാത്രം ബഹുമാനപ്പെട്ട മെമ്പറെ ആരും തല്ലിക്കൊല്ലാൻ പോകുന്നില്ല. അങ്ങനെ ഒരു സംഭവം അവിടെ നടക്കുമെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരം കണക്കിലെടുത്തുകൊണ്ട് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന അവസരത്തിൽ കൊയിലാണ്ടിക്ക് മുൻഗണന നൽകുന്നതാണ് എന്നുകൂടി അറിയിക്കുന്നു.

(28) കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, അന്തരിച്ച മുൻമുഖ്യമന്ത്രി കെ. കരുണാകരൻ തൃശൂർ ഫൈൻ ആർട്ട്സ് സ്കൂളിൽ ആദ്യകാല ചിത്രകലാ വിദ്യാർത്ഥിയായിരുന്നു. അവിടെവച്ചാണ് അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ വ്യാപൃതനായത്. ഇന്ന് ആ സ്കൂൾ ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തി. കെ. കരുണാകരന്റെ സ്മരണ നിലനിർത്താൻ തൃശൂർ ഫൈൻ ആർട്ട്സ് കോളേജിനെ കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജായി നാമകരണം ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ആദരണീയനായ മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ തൃശൂരിൽ ചിത്രകല പഠിക്കാൻ വന്നിട്ടുണ്ടെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. പക്ഷേ അതിനപ്പുറം മികച്ചത് എന്ന് പറയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള ചിത്രങ്ങൾ വരിച്ചിട്ടുണ്ടെന്നുള്ള കാര്യം സമീപകാലത്ത് അദ്ദേഹം വരച്ച ചില ചിത്രങ്ങളുടെ പകർപ്പ് കാണാനിടവന്നപ്പോഴാണ് പലരും മനസ്സിലാക്കുന്നത്. ബഹുമാനപ്പട്ട അംഗം ശ്രീ. തേറമ്പിൽ ഇവിടെ സൂചിപ്പിച്ചിട്ടുള്ള കാര്യം വളരെ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. അതിന് ചില നടപടിക്രമങ്ങളുണ്ട്. അത് പൂർത്തിയാക്കി ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം നമുക്ക് സ്വീകരിക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി. ഒ. (പി) നമ്പർ 218/2010/പൊ.വി.വ. തീയതി 4-11-2010 (SRO No. 809/2009 -ന്റെ തിരുത്ത്).

2. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2005-06, 2006-07 എന്നീ വർഷങ്ങളിലെ ഭരണറിപ്പോർട്ടുകളും കണക്കുകളും ഡിലേസ്റ്റേറ്റ്മെന്റ് സഹിതം

3. കണ്ണൂർ സർവ്വകലാശാലയുടെ 2009-ലെ വാർഷിക റിപ്പോർട്ട്.

II. ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

ജി. ഒ. (എംഎസ്.) നമ്പർ 261/2010/ഹോം. തീയതി 22-11-2010 (എസ്. ആർ. ഒ. നമ്പർ 1083/2010)

III. പിന്നോക്ക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. വിജ്ഞാപനം നമ്പർ 1162/സിടി/2010/ കെ.എസ്.ഇ.ആർ.സി. തീയതി 8-11-2010.

2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 1998-99-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേസ്റ്റേറ്റ്മെന്റ് സഹിതം.

IV. വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി. ഒ. (ആർടി.) നമ്പർ 1838/2010/എൽ.ബി.ആർ. തീയതി 4-11-2010 (എസ്. ആർ. ഒ. നമ്പർ 1046/2010).

LIBRARY ARCHIVES Kerala Legislative Assembly